File No.EXC/4250/2018-XE4

കേരള എക്സൈസ് വകുപ്പ്
'മാതൃഭാഷ–മലയാളം'

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 02/03/2020
ഇ–മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം–EXC4/2020/EXCISE**

വിഷയം: എക്സൈസ് ഭരണപരം–1960–ലെ KCS (CC&A) റൂൾ പ്രകാരം ഫോർമൽ എൻക്വയറി നടത്തുമ്പോൾ ഫോർമൽ എൻക്വയറി ഓഫീസർ പാലിക്കേണ്ട നടപടി ക്രമങ്ങൾ–സംബന്ധിച്ച്.

സൂചന: 1960–ലെ KCS (CC&A) റൂൾ ചട്ടം 15.

1960–ലെ KCS (CC&A) റൂൾ ചട്ടം 15 പ്രകാരം അച്ചടക്ക നടപടിയുടെ ഭാഗമായി നടപടി നേരിടുന്ന ഉദ്യോഗസ്ഥർക്കെതിരെ ഫോർമൽ എൻക്വയറി (അന്വേഷണ വിചാരണ) നടത്തി ഫോർമൽ എൻക്വയറി ഓഫീസർ (അന്വേഷണ വിചാരണ അധികാരി) റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ചില അപാകതകൾ സംഭവിക്കുന്നതായി മനസിലാക്കുന്നു. ആയതിനാൽ ഫോർമൽ എൻക്വയറിയ്ക്കായി ചുമതലപ്പെടുത്തുന്ന ഓഫീസർ KCS (CC&A) റൂൾ, ചട്ടം 15–ൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങളും താഴെപ്പറയുന്ന നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

i. അന്വേഷണ വിചാരണ കഴിഞ്ഞശേഷം അന്വേഷണ വിചാരണ അധികാരി കൊടുത്ത കുറ്റപത്രം , കുറ്റക്കാരനായ സർക്കാർ ജീവനക്കാരന്റെ പത്രിക വാദിഭാഗവും, പ്രതിഭാഗവും, സാക്ഷികളുടെ സ്റ്റേറ്റ്മെന്റുകൾ , അക്കമിട്ട് ലക്ഷ്യരേഖകൾ എന്നിങ്ങനെ പ്രസക്തമായ എല്ലാ രേഖകളും പരിശോധിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ വിചാരണ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

ii. അന്വേഷണത്തിലെ കണ്ടെത്തലും റിപ്പോർട്ടും അന്വേഷണ വിചാരണയിലെ തെളിവുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ശ്രദ്ധാപൂർവ്വം നടത്തേണ്ടതാണ്. ഓരോ ചാർജിനേയും സംബന്ധിച്ച കണ്ടെത്തലുകൾ രേഖപ്പെടുത്തേണ്ടതാണ്.

iii. അന്വേഷണ അധികാരികളുടെ റിപ്പോർട്ടിൽ കേസിന്റെ പശ്ചാത്തലത്തെ സൂചിപ്പിച്ചിരിക്കുന്ന സംഗ്രഹം, അന്വേഷണാധികാരിയുടെ നിയമനം, അന്വേഷണം നടത്തിയ ദിവസങ്ങൾ, റിപ്പോർട്ട് സമർപ്പിച്ച ദിവസം എന്നിവ സൂചിപ്പിച്ചുകൊണ്ടുള്ള അവതരണ ഖണ്ഡിക, തയ്യാറാക്കിയ കുറ്റപത്രം, സമ്മതിച്ചതോ ഉപേക്ഷിച്ചതോ അല്ലെങ്കിൽ നടപടി എടുക്കാത്തതോ ആയ എന്തെങ്കിലും കുറ്റങ്ങൾ ഉണ്ടെങ്കിൽ അവയും യഥാർത്ഥത്തിൽ അന്വേഷണം

നടത്തിയ കുറ്റങ്ങൾ, തെളിവിനുള്ള വസ്തുതകൾ, സ്വീകാര്യമായിട്ടുള്ള രേഖകളെയും വസ്തുതകളെയും കുറിച്ചുള്ള ചുരുക്ക പ്രസ്താവന, പ്രോസിക്യൂഷൻ കേസിനെക്കുറിച്ചുള്ള ഒരു ചുരുക്ക പ്രസ്താവന , എതിർവാദത്തിന്റെ ഒരു സംക്ഷിപ്ത പ്രസ്താവന , ഉറപ്പുവരുത്തുന്നതിനു വേണ്ട വാദമുഖങ്ങൾ , ഉറപ്പുവരുത്തേണ്ട വാദമുഖങ്ങളും അതിന്മേലുള്ള കണ്ടെത്തലുകളേയും കണക്കിലെടുത്തുള്ള തെളിവിന്റെ നിർണ്ണയം, ഓരോ കുറ്റത്തിന്മേലുള്ള കണ്ടെത്തലുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

iv. നിയമാനുസൃതമായ ചട്ടങ്ങളോ ഉത്തരവുകളോ അപ്രകാരം ആവശ്യപ്പെടാത്ത പക്ഷം ശിക്ഷയുടെ അളവിനെ സംബന്ധിച്ച് അന്വേഷണ വിചാരണ അധികാരി യാതൊരു ശുപാർശയും ചെയ്യേണ്ടതില്ല. അപ്രകാരം ചെയ്യുന്നത് ആശാസ്യമല്ല. അത്തരം ശുപാർശകൾ ഒഴിവാക്കേണ്ടതാണ്.

ആയതിനാൽ 1960-ലെ KCS(CC&A) ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി അന്വേഷണ വിചാരണ അധികാരി പാലിക്കേണ്ടതാണ്.

S. AANANTHAKRISHNAN IPS

Signature valid

എക്സൈസ് കമ്മീഷണർ

ഗ്രാഹകൻ

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)/ എൻഫോഴ്സ്മെന്റ്
2. എക്സൈസ് വിജിലൻസ് ഓഫീസർ
3. പ്രിൻസിപ്പാൾ, SEARC, തൃശ്ശൂർ.
4. ജോയിന്റ് എക്സൈസ് കമ്മീഷണർ/ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ/അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ/എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ (എല്ലാം)
5. എക്സൈസ് കമ്മീഷണറുടെ സി.എ,
6. ഉത്തരവ് ഫയൽ/കരുതൽ ഫയൽ.